(ഡി) തീർപ്പാക്കാനുള്ള അപേക്ഷകൾ ഉണ്ടെങ്കിൽ അടിയന്തിരമായി തീർപ്പാക്കാൻ ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മാള സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

23 (1214) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിൽ പുത്തൻചിറ പഞ്ചായത്തിൽ സ്ഥാപിക്കുവാനുദ്ദേശിച്ച മാള സ്പിന്നിംഗ് മില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് പ്രിശദമാക്കാമോ ;

(ബി) മാള നിയോജകമണ്ഡലത്തിലെ നൂറു കണക്കിന് യുവാക്കളിൽനിന്ന് ഷെയർ പിരിച്ചെടുത്തുണ്ടാക്കിയ ഈ സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇപ്പോൾ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(സി) മാള സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം എന്നു തുടങ്ങുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാളയിലെ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ നൽകിയ 325 ലക്ഷം രൂപയും സംരംഭകരുടെ ഷെയർ കോൺട്രിബ്യൂഷനായി സമാഹരിച്ച 62.45 ലക്ഷം രൂപയും കൊണ്ട് 10 ഏക്കർ ഭൂമി വാങ്ങുകയും 12000 കതിരുകൾ സ്ഥാപിക്കുവാൻ കഴിയുന്ന കെട്ടിടത്തിന്റെ പണി ഭാഗികമായി പൂർത്തിയാക്കുകയും 89.24 ലക്ഷം രൂപ യന്ത്രസാമഗ്രികൾക്കായി മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 387.49 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്. യഥാസമയം ടേം ലോൺ കിട്ടാത്തതുകൊണ്ടാണ് മില്ലിന്റെ ബാക്കി ജോലികൾ സ്തംഭനാവസ്ഥയിലായത്.

(ബി) ടെക്സ്റ്റയിൽ മേഖലയിൽ നിലനിൽക്കുന്ന പ്രതികൂല സാഹചര്യങ്ങൾ കണക്കിലെടുത്ത് ലാഭകരമെന്ന് ഉറപ്പുവരുത്താവുന്ന ഒരു പ്രോജക്ടിന് മാത്രമേ നിലനിൽക്കാൻ കഴിയൂ എന്നതിന്റെ അടിസ്ഥാനത്തിൽ സ്പിന്നിംഗ് മില്ലിന് ചെലവഴിച്ച തുക പ്രയോജനപ്പെടുത്തി നൂതന യന്ത്രത്തറികളും വസ്ത്ര നിർമ്മാണശാലയുമടങ്ങുന്ന ഒരു പ്രോജക്ട് നടപ്പിലാക്കാനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(സി) പുതിയ പ്രോജക്ടിന് അംഗീകാരവും, ആവശ്യമായ ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്നു.

തിരുവണ്ണൂർ മിൽ ലാഭകരമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

24 (1215) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവണ്ണൂർ കോട്ടൺ മിൽ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര തൊഴിലാളികൾക്ക് ഇതുമൂലം തൊഴിൽ നഷ്ടപ്പെടും ; ഇവരെ സംരക്ഷിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് അറിയിക്കാമോ ;

(ഡി) നൂൽ ഉല്പാദനത്തിനാവശ്യമായ പരുത്തി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എത്ര ലോഡ് പരുത്തി ലഭ്യമാക്കി ;

(എഫ്) മുൻ സർക്കാരിന്റെ കാലത്ത് എത്ര ലോഡ് പരുത്തി ലഭ്യമാക്കിയിരുന്നു ;

(ജി) ശ്രീ. എ. വി. താമരാക്ഷൻ കൺവീനറായ യു.ഡി.എഫ്. ഉപസമിതി പഠനം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ട് എന്നാണ് സമർപ്പിച്ചത് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എച്ച്) കോട്ടൺമിൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ മുന്നോട്ടുവച്ചത് ;

(ഐ) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാൻ സർക്കാർ തയ്യാറായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം നിർദ്ദേശങ്ങൾ പാലിച്ചുവെന്ന് അറിയിക്കാമോ ;

(ജെ) കോട്ടൺ മില്ലിന്റെ നവീകരണത്തിനായി ഈ സർക്കാർ എത്ര തുക ഇതേവരെ ചെലവു ചെയ്തു. മുൻ സർക്കാർ ചെലവ് ചെയ്ത തുകയെത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി പഠനത്തിന്റെ അടിസ്ഥാനത്തിൽ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിന്റെ പ്രവർത്തനം നിർത്തിവച്ച് ജീവനക്കാർക്ക് വി.ആർ.എസ്. ആനുകൂല്യം നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കോട്ടൺമില്ലിന്റെ പ്രവർത്തനം വളരെ നഷ്ടത്തിലായതിനാലും പുനരുദ്ധാരണത്തിനു വലിയ സാമ്പത്തിക ബാദ്ധ്യത വേണ്ടതിനാലുമാണ് ഈ തീരുമാനം.

(സി) മില്ലിൽ ഇപ്പോൾ 269 സ്ഥിരം തൊഴിലാളികൾ നിലവിലുണ്ട്. ഇവർക്കായി സർക്കാർ സ്വയം പിരിഞ്ഞുപോകൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ഡി) നാലു മില്ലുകളുടെയും പ്രവർത്തന മൂലധനത്തിലേക്കായി ഈയിടെ 175 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള രണ്ടു വർഷക്കാലം മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിൽ 166 ലോഡ് പരുത്തി ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മുൻ സർക്കാരും ഓരോ വർഷവും മില്ലുകളുടെ പ്രവർത്തനത്തിനാവശ്യമായ പഞ്ഞി ലഭ്യമാക്കിയിട്ടുണ്ട്. മുൻ സർക്കാർ അധികാരത്തിലിരുന്ന അഞ്ചു വർഷക്കാലം മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിൽ 535 ലോഡ് പരുത്തി ലഭ്യമാക്കിയിട്ടുണ്ട്.

(ജി-ഐ) ശ്രീ. എ. വി. താമരാക്ഷൻ കൺവീനറായ യു.ഡി.എഫ്. ഉപസമിതിയുടെ റിപ്പോർട്ട് യു.ഡി.എഫിനാണ് നൽകിയിട്ടുള്ളത്.

(ജെ) ഈ സർക്കാർ ടെക്സ്റ്റൈൽ മില്ലുകൾക്കുവേണ്ടി 2001-2002, 2002-2003 വർഷങ്ങളിൽ 5,12,892 കോടി രൂപ ചെലവഴിച്ചു. മുൻ സർക്കാർ 1996-97 മുതൽ 2001-02 വരെ 16.94 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

വനിതാ വികസന കോർപ്പറേഷൻവഴി നൽകിയ ധനസഹായം

25 (1216) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി എത്ര വനിതാ തൊഴിൽ സംരംഭകർക്ക് വായ്പയും ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട് ;

(ബി) വ്യക്തികളുടെയും സ്ഥാപനങ്ങളുടേയും എണ്ണം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) ആദിവാസി വിഭാഗത്തിലും പട്ടികജാതിവിഭാഗത്തിലുംപെട്ട എത്ര വനിതകൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് ; ഈ വിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2038 വനിതാ സംരംഭകർക്ക് വായ്പ നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യക്തികൾക്ക് കൊടുത്തിട്ടുള്ള വായ്പ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	210
കൊല്ലം	79
പത്തനംതിട്ട	8
ആലപ്പുഴ	110
കോട്ടയം	42
ഇടുക്കി	45
എറണാകുളം	140

LIBRARY ARCHIVES Kerala Legislative Assembly